17

# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1558

14.12.2012 ൽ
മറുപടി നല്കേണ്ടിയിരുന്നത്

## ന്യൂനപക്ഷ ക്ഷേമ വകുപ്പ്

**ചോദ്യം**

ശ്രീ. തോമസ് ഉണ്ണിയാടൻ
ശ്രീ. സി. എഫ്. തോമസ്
ശ്രീ. റ്റി. യു. കുരുവിള

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിൻ കീഴിൽ നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ;

(ബി) ഇതിന്റെ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

**അന്തിമ മറുപടി**

ശ്രീ. മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി)

(എ) യും (ബി) യും

ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങളും മാനദണ്ഡങ്ങളും ചുവടെ ചേർക്കുന്നു.

1. അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ മുസ്ലീം യുവജന തയ്യ് പി.എസ്.സി, യു.പി.എസ്.സി, ബി.എസ്.ആർ.ബി, ആർ.ആർ.ബി, യു.ജി.സി എന്നിവ നടത്തുന്ന മത്സര പരീക്ഷകൾക്ക് വേണ്ടിയുള്ള നിലവിലുള്ള കോച്ചിംഗ് സെന്ററുകൾക്ക് പുറമേ എല്ലാ ജില്ലകളിലും കോച്ചിംഗ് സെന്ററുകൾ ആരംഭിക്കും. 20% സീറ്റുകൾ മറ്റ് പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്ക് വേണ്ടി നീക്കി വച്ചിട്ടുണ്ട്. ന്യൂനപക്ഷ സംഘടനകളോ സ്ഥാപനങ്ങളോ അടിസ്ഥാന സൗകര്യമൊരുക്കിത്തരുമ്പോൾ അവിടെ പരിശീലകർക്ക് സംസ്ഥാന സർക്കാർ പ്രതിഫലം നൽകുന്ന രീതിയിൽ സബ് സെന്ററുകൾ ആരംഭിക്കുന്നതാണ്.
2. 70% ന്യൂനപക്ഷ വനിതകളെങ്കിലുമുള്ള രജിസ്റ്റർ ചെയ്ത വനിത സ്വയം സഹായ സംഘങ്ങൾ , അവർക്ക് സ്ഥിര വരുമാനം ഉറപ്പാക്കുന്ന സ്വയം സഹായ സംരംഭങ്ങളുമായി സമീപിച്ചാൽ പദ്ധതിചെലവിന്റെ പകുതിയോ രണ്ടരലക്ഷം രൂപയോ ഏതാണോ കുറവ് അത് ഗ്രാന്റായി നൽകുന്നതാണ് ന്യൂനപക്ഷ വനിതകളുടെ സ്വയം സഹായ പദ്ധതി.
3. 1000 ന്യൂനപക്ഷ പ്രമോട്ടർമാരെ നിയമിക്കുകയും 250 ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യും. അപേക്ഷകർ 10-ാം ക്ലാസ് പാസ്സായവരും സംവരണാ നുകൂല്യം ലഭിക്കുന്ന സമുദായാംഗങ്ങൾക്കുള്ള പ്രായപരിധിക്കനുസരിച്ച് 2012 ജനുവരി ഒന്നിന് 18-നും 39-നും ഇടയിൽ പ്രായമുള്ളവരുമായിരിക്കണം. അപേക്ഷകർ അതതു ജില്ലകളിലേയ്ക്കാണ് അപേക്ഷ നൽകേണ്ടത്. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം നാലായിരം രൂപ ഹോണറേറിയം നൽകും.
4. 12 മുതൽ 20 വയസ്സുവരെ പ്രായമുള്ള പ്ലസ് ടു, ഡിഗ്രി ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ഏപ്രിൽ, മെയ് മാസങ്ങളിൽ റസിഡൻഷ്യലായി വ്യക്തിത്വ വികസന ക്ലാസ്സുകൾ

നടപ്പാക്കിവരുന്നു. 40% ന്യൂനപക്ഷ വിഭാഗത്തിലെ ബി.പി.എൽ വിഭാഗത്തിനായി മാറ്റി വച്ചിട്ടുണ്ട്. വിവിധ രംഗങ്ങളിലെ പ്രഗദ്ഭരായിരിക്കും ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്.

5. തൊഴിൽ രഹിതരായ 100 ന്യൂനപക്ഷ യുവജനതയ്ക്ക് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ / പോളിടെക്നി ക്കുകളിലെ അടിസ്ഥാന സൗകര്യം ഉപയോഗിച്ച് സിഡ്കോ വഴി സിവിൽ എഞ്ചിനീയറിംഗിലും ഓട്ടോകാഡിലും ഒരു വർഷത്തെ പരിശീലനം നൽകി, പ്രൊഫഷണൽ ഡിപ്ലോമ ഇൻ സിവിൽ എഞ്ചിനീയറിംഗ് ആന്റ് ഓട്ടോകാഡ് നൽകുന്നു.
6. കേന്ദ്ര ന്യൂനപക്ഷ കമ്മീഷൻ മാതൃകയിൽ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു.
7. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ധന സഹായം, നിർദ്ധനർക്ക് ഭവന വായ്പ, സർക്കാർ ഇതര ഏജൻസികൾക്ക് സഹായം, വിദ്യാഭ്യാസ വായ്പ, തൊഴിൽ പരിശീലനം, ഉൽപ്പന്ന ങ്ങൾക്ക് വിപണന സഹായം എന്നിവ നൽകുന്നതിനായി സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ പ്രവർത്തനസജ്ജമാകുന്നു.

(സി) കഴിഞ്ഞ രണ്ട് വർഷക്കാലം ന്യൂനപക്ഷക്ഷേമത്തിനായി കേന്ദ്രം നൽകിയ ഗ്രാന്റ് എത്രയെന്നും; ഏതൊക്കെ പദ്ധതിയിൽ അവ വിനിയോഗിച്ചെന്നും വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ 2 വർഷക്കാലം ന്യൂനപക്ഷക്ഷേമത്തിനായി കേന്ദ്രം നൽകിയ ഗ്രാന്റ്, അവ വിനിയോഗിച്ച പദ്ധതികളുടെ വിവരം എന്നിവ ചുവടെ ചേർക്കുന്നു.

| പദ്ധതി | വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| എം.എസ്.ഡി.പി | | 186462000 | 186462000 |
| പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് | 2010-11 | 121406431 | 121406431 |
| | 2011-12 | 216882167 | 186989249 |
| മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പ് | 2010-11 | 103861094 | 86602748 |
| | 2011-12 | 149195266 | 73372488 |
| IDMI | 2011-12 | 33773000 | 31279000 |
| പ്രീമെട്രിക് സ്കോളർഷിപ്പ് | 2010-11 | 359235285 | 359235285 |
| | 2011-12 | 527697225 | 527697225 |
| SPQEM | 2010-11 | 226697000 | 226697000 |
| | 2011-12 | 709789000 | 318166500 |

(ഡി) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

(ഡി) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ പൊതുജനങ്ങളിലെത്തിക്കുന്നതിനായി സ്വന്തമായി വെബ്പോർട്ടൽ സ്ഥാപിക്കാൻ എൻ.ഐ.സി വഴി നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പദ്ധതികളെക്കുറിച്ചുള്ള ബ്രോഷറുകളും സേവനങ്ങളെക്കുറിച്ചുള്ള പൗരാവകാശരേഖയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയുടെ പ്രവർത്തനം ഓൺലൈൻ ആക്കാൻ നടപടിയെടുത്തുവരുന്നു.

സെക്ഷൻ ഓഫീസർ